## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4619** **10-08-2021 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ആർ.ടി.സി.യുടെ ലാഭം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ സി ആർ മഹേഷ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. യെ ലാഭത്തിലാക്കിയിരുന്നുവെന്നത് വസ്തുതയാണോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ താത്കാലിക കണക്കുപ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.റ്റി.സി. ലാഭകരമായിരുന്നില്ല. 2019-20 വരെയുള്ള താത്കാലിക കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം 2016-17 വർഷം 1,696.34 കോടി രൂപ, 2017-18 വർഷം 1,718.25 കോടി രൂപ, 2018-19 വർഷം 1,205.22 കോടി രൂപ, 2019-20 വർഷം 1,204.05 കോടി രൂപ എന്നിങ്ങനെയാണ്. |
| (ബി) | പ്രസ്തുത കാലയളവിൽ ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും കൃത്യമായി നൽകിയിരുന്നോ; ഇല്ലെങ്കിൽ ഈ തുകയും ലാഭക്കണക്കിൽ ഉൾപ്പെട്ടിരുന്നോ; വിശദാംശം നൽകുമോ? | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജീവനക്കാരുടെ ശമ്പളം യഥാസമയം വിതരണം ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിലെ സാമ്പത്തിക പ്രതിസന്ധിമൂലം ജീവനക്കാരുടെ വിവിധയിനം അലവൻസുകൾ, മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്, പ്രൊവിഡന്റ് ഫണ്ട്, ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും വിവിധ ധനകാര്യ സ്ഥാപനങ്ങളിലേക്ക് റിക്കവറി നടത്തിയ തുകകൾ എന്നിവ ഒടുക്കാൻ കഴിയാതെ 2016 മുതൽ കുടിശ്ശികയായിരുന്നു. നിലവിൽ ജീവനക്കാർക്ക് അനുവദിക്കുന്ന മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ ആനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ എൽ.ഐ.സി. ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിലേക്ക് റിക്കവറി നടത്തിയ തുകകൾ കെ.എസ്.ആർ.ടി.സി. സൊസൈറ്റികൾ ഒഴികെയുള്ള സ്ഥാപനങ്ങൾക്ക് കുടിശ്ശിക മുഴുവൻ ഒടുക്കിതീർത്തിട്ടുണ്ട്. അതോടൊപ്പം സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വൈകാതിരിക്കാനായി ടി ജീവനക്കാരുടെ പേരിലുള്ള എൻ.ഡി.ആർ. കുടിശ്ശികകൾ മുഴുവനായും ഒടുക്കി തീർക്കുന്നുമുണ്ട്. ഇത്തരത്തിൽ 2021 മെയ് മാസം വരെ വിരമിച്ച |

| | | | |
|---|---|---|---|
| | | | ജീവനക്കാരുടെ എൻ.ഡി.ആർ. കുടിശ്ശികകൾ ഒടുക്കി തീർത്തിട്ടുണ്ട്. നിലവിൽ എല്ലാ ധനകാര്യ സ്ഥാപനങ്ങളിലേക്കും ജീവനക്കാരിൽ നിന്നും റിക്കവറി നടത്തുന്ന തുക തൊട്ടടുത്ത മാസം തന്നെ കൃത്യമായി ഒടുക്കി വരുന്നുമുണ്ട്.<br>കെ.എസ്.ആർ.ടി.സി. ഈ കാലയളവിൽ തയ്യാറാക്കിയ താത്കാലിക കണക്കുകളിൽ ഈ തുകകളും ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ